4283

"ഭരണഭാഷ മാതൃഭാഷ"

നം.പി.എൽ(3)/22240/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 31..05..2018.

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പ്ലാൻ സ്കീം - കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് നൽകുന്ന ധനസഹായ പദ്ധതി 2018-19-ൽ നടപ്പിലാക്കുന്നതിനുവേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നുത്- സംബന്ധിച്ച്--

സൂചന:- 1) സർക്കാർ ഉത്തരവ് (ആർ.റ്റി) നം.970/2010/പൊതുവിദ്യാഭ്യാസ വകുപ്പ് തീയതി 05-03-2010.

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26-04-2018 ലെ പി.എൽ-03/27513/18-ാം നമ്പർ ഭരണാനുമതി ഉത്തരവ്.

****

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കലകളിൽ ശോഭിക്കുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് സർക്കാർ ഈ പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. കുടുംബ വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയുള്ളവരും സബ്ജില്ലാ കലോൽസവത്തിൽ പങ്കെടുത്ത് ജില്ലാതല കലോൽസവത്തിൽ മത്സരിക്കാൻ യോഗ്യത നേടുകയും ചെയ്ത കുട്ടികൾക്കാണ് എക്സൽ ഇൻ ആർട്സ് ധനസഹായം നൽകിവരുന്നത്. കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, നാടോടി നൃത്തം എന്നീ ഇനങ്ങളിൽ പ്രതിഭ തെളിയിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി പദ്ധതി പ്രകാരം ആനുകൂല്യം നൽകിവരുന്നത്.

യോഗ്യതയുള്ള/അർഹതയുള്ള ഒരു കുട്ടിയ്ക്ക് രൂപ.10000/- (പതിനായിരം രൂപ) ധനസഹായത്തിന് അർഹതയുണ്ടെന്ന് സൂചന (1) പ്രകാരം ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് എല്ലാ വർഷവും ഇത്തരം ധനസഹായ പദ്ധതിപ്രകാരമുള്ള ആനുകൂല്യം അനുവദിച്ച് വരുന്നു. എന്നിട്ടും മുൻവർഷങ്ങളിൽ ലഭിക്കേണ്ട ആനുകൂല്യം കിട്ടുന്നില്ല എന്നുള്ള പരാതി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം പരാതികൾ പൂർണ്ണമായി പരിഹരിക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുന്നു. അതിനാൽ 2012-13 മുതൽ 2018-19 വരെ സാമ്പത്തികാനുകൂല്യം ഇനിയും ലഭിക്കാത്ത ഏതെങ്കിലും വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ

(..2...)

# പ്രൊഫോർമ

## കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ കുട്ടികളുടെ ലിസ്റ്റ്

| ക്രമ നം. | അഡ്. നം. | കുട്ടികളുടെ പേര് | ക്ലാസ്സ്, ഡിവിഷൻ | സ്കൂളിന്റെ പേര്, സ്കൂൾ കോഡ് | കലോൽസവത്തിൽ പങ്കെടുത്ത ഇനം | വാർഷിക വരുമാനം | ആൺ/പെൺ | ഗവ:/എയിഡഡ് | സബ് ജില്ലയുടെ പേര് | മത്സരത്തിൽ പങ്കെടുത്ത വർഷം | കുട്ടിയുടെ ആധാർ നമ്പർ | ബാങ്ക് അക്കൗണ്ട് നമ്പർ | IFSC Code | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| | | | | | | | | | | | | | | |